"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ ഫറോക്ക് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സുരേഷ് ബാബു പി.എം. ന് എതിരെയുള്ള അച്ചടക്ക നടപടി - ഔപചാരിക അന്വേഷണം നടത്തുന്നതിന് കോഴിക്കോട് ജില്ല തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറായ ശ്രീമതി ലിഷ മോഹൻ എം.-നെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1162/2025/LSGD തീയതി,തിരുവനന്തപുരം, 11-05-2025

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 28/04/2021 ലെ സി5(വി.സി.19/2016/കെ.കെ.ഡി) 38795/2018 നമ്പർ കത്ത്.
2. സർക്കാരിന്റെ 04/07/2022 തീയതിയിലെ ഇപിബി3/266/2021/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
3. ശ്രീ. സുരേഷ് ബാബു പി.എം. 27/08/2022 തീയതിയിൽ സമർപ്പിച്ച എതിർവാദ പത്രിക.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.02.2025 ലെ LSGD/PD/9358/2023-VIGD4 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീമതി കെ. വി. ഫാത്തിമ W/o ഹസ്സൻ, ചോയിസ്, ചുങ്കം എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് നിർമാണ പെർമിറ്റ് അനുവദിച്ച വിഷയത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഫറോക്ക് ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥർക്കെതിരെ വി. സി. 19/2016/കെ.കെ.ഡി നമ്പർ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ഭൂമിയുടെ തരം നഞ്ചയാണെന്ന കാര്യം അവഗണിച്ചുകൊണ്ട് വാണിജ്യവശ്യത്തിനുള്ള കെട്ടിടം പണിയുന്നതിന് നിർമ്മാണാനുമതി നൽകി പ്രസ്തുത കെട്ടിടത്തിനു ഒക്കുപൻസിയും സ്ഥിരകെട്ടിട നമ്പരും അനുവദിച്ച് ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത പ്രതികളിൽ രണ്ടാമതായുള്ള ഫറോക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സുരേഷ് ബാബു പി.എം. നെതിരെ KSR PART III RULE 59(b) പ്രകാരം നടപടികൾ സ്വീകരിക്കുവാൻ ശിപാർശ ചെയ്തിരുന്നു.

2. വിജിലൻസ് ശുപാർശ പരിഗണിച്ച് ഫറോക്ക് ഗ്രാമപഞ്ചായത്ത് മുൻ

സെക്രട്ടറിയായിരുന്ന ശ്രീ. സുരേഷ് ബാബു പി.എം.നെതിരെ ഔദ്യോഗിക നടപടി ദൂഷ്യത്തിന് **KSR PART III RULE 59 (d)** വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം **(2)** പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

**3.** കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. സുരേഷ്ബാബു പി.എം. പരാമർശം **(3)** പ്രകാരം സമർപ്പിച്ച മറുപടിയിൽ ചുവടെ പറയുന്ന സംഗതികൾ ബോധിപ്പിക്കുകയുണ്ടായി.

*പുതുതായി രൂപീകരിച്ച നഗരസഭയായതുകൊണ്ടു വളരെയധികം തെരഞ്ഞെടുപ്പ് ജോലികൾ സമയബന്ധിതമായി ചെയ്തുതീർക്കേണ്ടതിനാലും ആ സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ വികസന പദ്ധതികൾ എല്ലാം തന്നെ പൂർത്തീകരിക്കേണ്ടതിനാലും ഭാരിച്ച ജോലിഭാരമാണ് വന്നു ചേർന്നത്. ഇതുമൂലം ഫയലുകളെല്ലാം തന്നെ വേഗത്തിലാണ് കൈകാര്യം ചെയ്തത്. ഇതിനിടയിൽ വില്ലേജ് ഓഫീസിലെ ജീവനക്കാരൻ ആണ് നഞ്ചയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം പണിയാൻ പെർമിറ്റ് നൽകിയ വിവരം അറിയിക്കുന്നത്. ഫയൽ പരിശോധിച്ചതിൽ നിന്ന് പെർമിറ്റ് ഒഴികെയുള്ള മറ്റ് അനുബന്ധ രേഖകളിലൊന്നിലും ഒപ്പ് വെച്ചതായി കണ്ടില്ല.*

*പെർമിറ്റ് അനുവദിക്കാവുന്നതാണെന്ന് കാണിച്ച് എൽ എസ് ജി ഡി സെക്ഷനിൽ നിന്ന് ലഭിക്കുന്ന ഫയലുകളിൽ പെർമിറ്റുകൾ എഴുതി ബന്ധപ്പെട്ട രജിസ്റ്ററുകൾ സഹിതം മേശപ്പുറത്ത് വെയ്ക്കുകയുമാണ് സെക്ഷൻ ക്ലർക്ക് ചെയ്തത്. സെക്രട്ടറിക്ക് മനസിലാക്കാൻ സാധിക്കാത്ത വിധത്തിൽ വളരെ വിദഗ്ധമായി എഴുതിവെച്ച പെർമിറ്റ് ക്രമത്തിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത കെട്ടിടത്തിന്റെ പെർമിറ്റ് കരസ്ഥമാക്കിയതെന്നും വിവരം മനസ്സിലായ ഉടനെ സൈറ്റ് പരിശോധിക്കുകയും പ്രവൃത്തി നിർത്തിവെയ്ക്കാൻ ആവശ്യപ്പെട്ട് കൊണ്ട് സ്റ്റോപ്പ് മെമ്മോ നൽകിയെങ്കിലും അപേക്ഷക ബഹു. ഹൈക്കോടതിയിൽ നിന്നും ഒരു മാസത്തേക്ക് സ്റ്റേ ഓർഡർ വാങ്ങിച്ചു. സ്റ്റേയുടെ കാലാവധി തീരുന്ന മുറയ്ക്ക് വീണ്ടും സ്റ്റോപ്പ് മെമ്മോ കൊടുത്തുവെങ്കിലും ആയതും ഒരു മാസത്തേക്ക് സ്റ്റേ ചെയ്ത് ബഹു.ഹൈക്കോടതിയിൽ നിന്നും ഉത്തരവ് വാങ്ങിച്ചു. കിട്ടിയ രണ്ടു മാസത്തെ കാലാവധി കൊണ്ട് ശേഷിച്ച പ്രവൃത്തികൾ പൂർത്തിയാക്കി സ്ഥിരം കെട്ടിട നമ്പറിന് അപേക്ഷിച്ചപ്പോൾ ആയതു നിരസിച്ചു കൊണ്ട് അറിയിപ്പ് നൽകുകയും ചെയ്തു. ഈ കാര്യം കാണിച്ചുകൊണ്ട് ബഹു. ഹൈക്കോടതിയിൽ പോകുകയും നമ്പറിട്ട് കൊടുക്കാൻ ബഹു. കോടതി ഉത്തരവാകുകയും ചെയ്തു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർദിഷ്ട നികുതി ഈടാക്കി താൽക്കാലിക നമ്പർ ഇട്ടുകൊടുക്കുകയും അതിനുശേഷം കെട്ടിടം പൊളിച്ചു മാറ്റുവാൻ നോട്ടീസ് നൽകുകയും ചെയ്തു. പ്രവൃത്തി റെഗുലറൈസ് ചെയ്താണ് നികുതി ഈടാക്കിയത്. ഭാരിച്ച ഉത്തരവാദിത്വത്തിനിടയിൽ വന്നുപോയ അബദ്ധം മൂലമാണ് പെർമിറ്റ് ഒപ്പിടാനിടയായത്.*

**4.** ശ്രീ.സുരേഷ്ബാബു പി.എം. സമർപ്പിച്ച മറുപടിയിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച പരാമർശം **(4)** പ്രകാരം റിപ്പോർട്ടിൽ, *തെരഞ്ഞെടുപ്പ് ജോലി, വികസന പദ്ധതി എന്നിവ അടക്കം ഭാരിച്ച ജോലിഭാരമുണ്ടായിരുന്നതുമൂലം ഫയലുകളെല്ലാം തന്നെ വേഗത്തിലാണ് കൈകാര്യം ചെയ്തത് എന്നതും, പെർമിറ്റ് അനുവദിക്കാവുന്നതാണ് എന്ന് കാണിച്ച് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് ലഭിക്കുന്ന ഫയലുകളിൽ പെർമിറ്റ് എഴുതി*

*ബന്ധപ്പെട്ട രജിസ്റ്ററുകൾ സഹിതമാണ് സെക്രട്ടറിയുടെ മേശപ്പുറത്ത് വെക്കുന്നതെന്നും ഈ കാര്യം സെക്ഷൻ ക്ലാർക്കാണ് ചെയ്യുന്നതെന്നും സെക്രട്ടറിക്ക് മനസ്സിലാക്കുവാൻ സാധിക്കാത്ത വിധത്തിൽ വളരെ വിദഗ്ധമായി എഴുതിവെച്ച പെർമിറ്റിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തിയാണ് ടി കെട്ടിടത്തിന്റെ പെർമിറ്റ് കരസ്ഥമാക്കിയത് എന്നുമുള്ള സെക്രട്ടറിയുടെ വാദത്തിന് യാതൊരു തെളിവും ലഭിച്ചിട്ടില്ലാത്തതാണെന്നും, ഇത്തരത്തിൽ ക്രമക്കേട് നടത്തിയത് ആരാണെന്ന് വ്യക്തമാക്കിയിട്ടില്ലെന്നും, ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിനോട് സെക്രട്ടറി വിശദീകരണം ചോദിക്കുകയോ ഗുരുതരമായ ക്രമക്കേട് നടത്തി എന്ന് ആരോപിക്കുന്ന ടി ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തതായോ വകുപ്പ് മേധാവിക്ക് റിപ്പോർട്ട് ചെയ്തതായോ കാണുന്നില്ലെന്നും, നിർമ്മാണം നടത്തിയ സ്ഥലം നഞ്ചയാണ് എന്ന കാര്യം കോടതിയിൽ ബോധ്യപ്പെടുത്തിയതായും കാണുന്നില്ലെന്നും, കോടതി സ്റ്റേ നൽകിയ സമയത്ത് കെട്ടിടം പണി പൂർത്തീകരിക്കുകയും നമ്പറിനുള്ള അപേക്ഷ നിരസിച്ചതിൽ വീണ്ടും കോടതിയെ സമീപിച്ച് കോടതി നമ്പർ നൽകുവാൻ നിർദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് നമ്പർ അനുവദിച്ചത് എന്ന വിശദീകരണത്തിന് യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ലെന്നും കൂടാതെ നഗരസഭയുടെ വാദം എന്താണെന്നും ഭൂമി നഞ്ചയാണ് എന്ന രേഖ കോടതിയിൽ ഹാജരാക്കിയിട്ടുണ്ടോ എന്ന കാര്യം വ്യക്തമല്ലെന്നും അബദ്ധവശാൽ നല്കിയതെന്ന് പറയപ്പെടുന്ന പെർമിറ്റ് റദ്ദ് ചെയ്യുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചതായും കാണുന്നില്ലെന്നും, ആയതിനാൽ കെട്ടിട നിർമ്മാണത്തിന് വേണ്ടിയുള്ള അപേക്ഷ അന്വേഷണ റിപ്പോർട്ട് അനുബന്ധരേഖകൾ എന്നിവ പരിശോധിച്ച ശേഷം മാത്രമേ സെക്രട്ടറി പെർമിറ്റിൽ ഒപ്പിടാൻ പാടുള്ളു എന്ന വസ്തുത കണക്കിലെടുത്തും ഭൂമിയുടെ തരം നഞ്ചയാണ് എന്ന് രേഖപ്പെടുത്തിയ സ്ഥലത്ത് വാണിജ്യ കെട്ടിട നിർമ്മാണ അനുമതി നല്കാൻ പാടില്ല എന്ന നിയമപരമായ കാര്യം മറികടക്കുവാൻ സാധ്യമല്ല എന്നുള്ളതുകൊണ്ടും അബദ്ധം പറ്റി പെർമിറ്റ് ഒപ്പിട്ട് പോയതാണെന്ന മുൻ സെക്രട്ടറി ശ്രീ. സുരേഷ്ബാബു പി.എം. ന്റെ വാദം അംഗീകരിക്കാൻ കഴിയാത്തതാണെന്നും ആയതിനാൽ ടിയാൾക്കെതിരെയുള്ള അച്ചടക്കനടപടിയിൽ തുടർനടപടി സ്വീകരിക്കാവുന്നതാണെന്നും അഭിപ്രായപ്പെട്ടിരുന്നു.*

5. മേൽ സാഹചര്യത്തിൽ, കോഴിക്കോട് ജില്ലയിലെ ഫെറോക്ക് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സുരേഷ് ബാബു പി.എം.-നെതിരെയുള്ള ആരോപണങ്ങൾ നിലനിൽക്കുന്നതായി കാണുന്നതിനാൽ **KSR Part III Rule 59 (d)** പ്രകാരം ടിയാനെതിരെ അച്ചടക്ക നടപടി തുടരുവാൻ തീരുമാനിച്ച് ആരോപണവിഷയത്തിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിലെ കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറായ ശ്രീമതി ലിഷ മോഹൻ എം.-നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ കാലയളവിൽ അന്വേഷണ ഉദ്യോഗസ്ഥയ്ക്ക് സ്ഥലം മാറ്റം ലഭിച്ചാലും അന്വേഷണ റിപ്പോർട്ട് **15** ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീമതി ലിഷ മോഹൻ എം., തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, കോഴിക്കോട് *(പരാമർശം (1) മുതൽ (4) വരെയുള്ളവയുടെ പകർപ്പുകൾ സഹിതം)*.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം.
3. ശ്രീ. സുരേഷ്ബാബു പി.എം, മുൻ സെക്രട്ടറി, ഫറോക്ക് ഗ്രാമപഞ്ചായത്ത്, കോഴിക്കോട്. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം മുഖേന).*
4. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/266/2021/തസ്വഭവ നമ്പർ

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 12-05-2025 10:06:35
സെക്ഷൻ ഓഫീസർ